**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 168** **05-02-2026 - ൽ മറുപടിയ്ക്ക്**

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ പദ്ധതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ എം നൗഷാദ്** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകുന്ന പദ്ധതി വിഹിതവും നിർവ്വഹണവും ഫണ്ട് വിനിയോഗവും സംബന്ധിച്ച് വിശകലനം നടത്താറുണ്ടോ; വ്യക്തമാക്കാമോ; | (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുവദിക്കുന്ന പദ്ധതി വിഹിതം, നിർവ്വഹണ പുരോഗതി, ഫണ്ട് വിനിയോഗം എന്നിവയെക്കുറിച്ച് വിശകലനം സ്ഥിരമായി നടത്തിവരുന്നു. ഇതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, റൂറൽ ഡയറക്ടർ, അർബൻ ഡയറക്ടർ, അഡീഷണൽ ഡയറക്ടർ, ജോയിന്റ് ഡയറക്ടർമാർ എന്നിവരുടെ നേതൃത്വത്തിൽ മാസംതോറും പദ്ധതി അവലോകന യോഗങ്ങൾ സംഘടിപ്പിച്ച് പദ്ധതികളുടെ നിർവ്വഹണ നില, സാമ്പത്തിക പുരോഗതി, ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമത തുടങ്ങിയ വിഷയങ്ങൾ വിശദമായി പരിശോധിക്കുന്നു. അവലോകനത്തിൽ കണ്ടെത്തുന്ന പോരായ്മകൾ, കാലതാമസം, വിനിയോഗത്തിലെ തടസ്സങ്ങൾ എന്നിവ പരിഹരിക്കുന്നതിനായി ആവശ്യമായ മാർഗനിർദ്ദേശങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സമയബന്ധിതമായി നൽകുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാന സർക്കാർ തലത്തിൽ ചേരുന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി മീറ്റിംഗുകളിലും പദ്ധതി പുരോഗതി അവലോകനം ചെയ്തുവരുന്നുണ്ട്. ഇതുവഴി സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ ലക്ഷ്യപ്രാപ്തിയോടെ വിനിയോഗിക്കപ്പെടുന്നതും പദ്ധതികളുടെ ഗുണമേന്മ ഉറപ്പാക്കുന്നതുമാണ് ലക്ഷ്യമിടുന്നത്. |
| (ബി) | 2011-16 വരെയുള്ള സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ ആകെ തുക എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (ബി) | 2011-12 മുതൽ 2015-16 സാമ്പത്തിക വർഷം വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി ആകെ 19792.78 കോടി രൂപ നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | 2016-21 വരെയുള്ള സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി നൽകിയ തുകയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | 2016-17 മുതൽ 2020-21 വരെ പ്രാദേശിക സർക്കാരുകൾക്ക് പദ്ധതി വിഹിതമായി 35915.60 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. |
| (ഡി) | 2021-26 വരെയുള്ള സർക്കാരിന്റെ കാലത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് വിതരണം ചെയ്തതെന്ന് അറിയിക്കാമോ? | (ഡി) | 2021-22 മുതൽ 2025-26 വരെ (2026 ജനുവരി 30 വരെ) പ്രാദേശിക സർക്കാരുകൾക്ക് പദ്ധതിവിഹിതമായി 41758.23 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ